# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2092 05.05.2017-ൽ മറുപടിക്ക്**

**വനിതാ ഫോറസ്റ്റ് ഗാർഡുമാരുടെ എണ്ണം വർദ്ധിപ്പിക്കൽ**

**ചോദ്യം**

**ശ്രീ.യു.ആർ പ്രദീപ്**

**ഉത്തരം**

**അഡ്വ.കെ.രാജു**
(വനവും മൃഗസംരക്ഷണവും
മൃഗശാലകളും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് നിലവിൽ എത്ര വനിതാ ഫോറസ്റ്റ് ഗാർഡുമാർ ഉണ്ട്; ഇത് എത്ര ശതമാനം വരും; | (എ) | വനം വകുപ്പിൽ നിലവിൽ 137 വനിതാ ബീറ്റ് ഫോറസ്റ്റ് ഓഫീസർമാർക്ക് നിയമനം നൽകിയിട്ടുണ്ട്. ആയത് മൊത്തം ബീറ്റ് ഫോറസ്റ്റ് ഓഫീസർമാരുടെ 5.23% വരും. |
| ബി) | പോലീസ്, എക്സൈസ് എന്നീ വിഭാഗങ്ങളിലേതു പോലെ പ്രസ്തുത ശതമാനം 10% ആക്കി ഉയർത്തുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല. |
| സി) | വന വിസ്തൃതി കുറഞ്ഞു വരുന്നത്, കാലാവസ്ഥാ വ്യതിയാനം , ചൂട് കൂടി വരുന്നതു എന്നിവ കണക്കിലെടുത്ത്, വനിതാ ഫോറസ്റ്റ് ഗാർഡുമാരെ ഉൾപ്പെടുത്തി സോഷ്യൽ ഫോറസ്ട്രി വിഭാഗം ശക്തിപ്പെടുത്തി മരങ്ങൾ വെച്ചു പിടിപ്പിക്കേണ്ട ആവശ്യകതയും അവ സംരക്ഷിക്കേണ്ട ആവശ്യകതയും സംബന്ധിച്ച് ഗ്രാമീണ ജനങ്ങൾക്കിടയിലും, സ്ത്രീകൾക്കിടയിലും ബോധവൽക്കരണം നടത്തുന്നതിനും, ലഭ്യമായ എല്ലാ സ്ഥലങ്ങളിലും മരങ്ങൾ വെച്ചു പിടിപ്പിക്കുന്നതിനും നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) | നിലവിൽ കാലാവസ്ഥാ വ്യതിയാനം മൂലമുള്ള പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി "ഹരിത ഭാരത ദൗത്യം" "ഹരിത കേരളം" എന്നീ പദ്ധതികൾ വനം ടെറിട്ടോറിയൽ വിഭാഗത്തിന്റേയും സോഷ്യൽ ഫോറസ്ട്രി വിഭാഗത്തിന്റേയും നേതൃത്വത്തിൽ നടപ്പിലാക്കി വരുന്നുണ്ട്. ജനങ്ങളുടെ പങ്കാളിത്തത്തോടു കൂടി വനാവരണം വർദ്ധിപ്പിക്കുന്നതിനും, നീർത്തടങ്ങൾ സംരക്ഷിക്കുന്നതിനും മറ്റുമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. വനിതാ ഫോറസ്റ്റ് ഗാർഡ് ഉൾപ്പെടെ ജീവനക്കാരേയും, പൊതുജനങ്ങളേയും, വിദ്യാർത്ഥികളേയും ഉൾപ്പെടുത്തി ബോധവൽക്കരണ/പ്രകൃതി പഠന ക്യാമ്പുകളും സംഘടിപ്പിച്ച് വരുന്നുണ്ട്. |

Sajini

**സെക്ഷൻ ഓഫീസർ**